# ധിഷണ

**Little Kites Unit**

**G H S S PANICKANKUDY**

**IDUKKI**

**Pin 685571**

ചീഫ് എഡിറ്റർ.........അനു എസ്

സ്റ്റാഫ് എഡിറ്റർ....... രാജേഷ് പി എ

സ്റ്റുഡന്റ് എഡിറ്റർ...... അഭിജിത്ത് അഭിലാഷ്

## എഡിറ്റോറിയൽ ബോർഡ്

ഗണേഷ്കുമാർ കെ റ്റി,ബിനോയി കെ ആർ,സ്മിത എ എസ്

## കൈറ്റ് മിസ്ട്രസ്

അനു എസ്

ജിനുമോൾ കെ ജി

## ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ


1. അഭിജിത്ത് അഭിലാഷ്
2. അനന്തു അജീഷ്
3. കാർത്തിക് രാജ്
4. ദീപക് ദിവാകരൻ
5. ആദിത്യൻ റ്റി എസ്
6. പ്രണവ് പി
7. അനന്തു ജൈനേന്ദ്രൻ
8. ആദിത്യൻ അജയൻ
9. അഭിനവ് വാസവൻ
10. ശിവപ്രീയ കെ ജെ
11. വിഷ്ണുമായ റെജി
12. വിഷ്ണുപ്രീയ റെജി

# ആമുഖം


1. പൂമ്പാറ്റ.....................................
2. പുതുവർഷത്തെ പൊന്നിൻ തിളക്കം.............................
3. പൂന്തോപ്പിൽ കണ്ട കാഴ്ചകൾ.............................
4. അമ്പിളി.....................................
5. കടലാമയുടെ കദനകഥ.................................
6. പ്രഭാതഗീതം..................................
7. പക്ഷിക്കൂട്ടിൽ.............................................
8. പ്രതീക്ഷകൾ ............................
9. ജന്മദിനത്തിന്റെ ഓർമ്മക്ക് .........
10. എവിടെ പോയി എന്റെ കേരളം ...........




# പൂമ്പാറ്റ



നീലതാമരവിരിയും പോലൊരു

പുഞ്ചിരി അവളുടെ മിഴിയിൽ

ആകാശത്തെ  അമ്പിളിമാമനും

മോഹിച്ചു പോകുമെഴഴക്

ചിറകുകൾ വിടർത്തി

റ്റാറ്റാകാട്ടി പറന്നു പറന്നു പോകുമ്പോൾ

അവൾക്കുചുറ്റും പാറിനടക്കും,

കരിവണ്ടും ആ തേൻവണ്ടും

പറന്ന് പറന്ന് ദൂരാകാശം

തേടി , തേടി പോകുമ്പോൾ

ചിരിച്ചു നിൽക്കും മന്ദാരത്തെ

ആ ചെറുപൂമ്പാറ്റ കാൺകെ

പറന്നുവന്നവൾ മന്ദാരത്തെ

വാരിപുണർന്നു വാനോളം

മന്ദാരത്തിൻ ഇലകളിനടിയിൽ

ആയിരമായിരം മുട്ടകളിട്ടു നേരം

കരിവണ്ടും ആ തേൻവണ്ടും

മുട്ടകൾക്കായി കാവലിനെത്തി.

- നന്ദന ബൈജു

# പുതുവർഷത്തെ പൊന്നിൻ തിളക്കം

നിത്യം കൈകൂപ്പി പ്രാർത്ഥിച്ചു നിൽക്കുന്ന
കുഞ്ഞിക്കുട്ടനു ഇന്നെന്തു സന്തോഷം
ഈ മുഖം ഇങ്ങനെ പുഞ്ചിരിച്ചുനിൽക്കും
നാളുകളിൽ, ആദ്യത്തെ ആ പാട്ട് നീ കേൾപ്പൂ.

നിൻരാഗസന്ധ്യയിൽ നിൻ രാഗവീണയിൽ നിന്നും
ഉതിർന്ന ആദ്യത്തെ ആ പാട്ട് നീ കേൾപ്പൂ.
സുഖവും ദു:ഖവും പോയിവന്നു പോകുമാ,
ഈ വർഷം പോയി മറഞ്ഞു.
പുതുവർഷം വന്നുതഞ്ഞിന്ന്.

നിൻരാഗവീണയിലെ ആ പുതുപ്പാട്ട്
ഇന്നിതാ കുതിച്ചു പൊങ്ങുന്നു.
ഇനി ഈ നാളുകളുകൾ സുഖതിത്തിൻേറതായിമാറട്ടെ
നന്മതൻ മിഴിനീട്ടുമാ നാളുകളായിമാറട്ടെ
കഴിഞ്ഞുപോം ഈ കാലത്തിൽ ഓർമിക്കുക നാം

മൺമറഞ്ഞു പോം കവ്യങ്ങൾ പാട്ടും,
നടനവിസ്മയങ്ങൾ ആട്ടം
ഇന്നെൻ കഴിഞ്ഞുപോം ഈ കാലത്തിൽ
ഇന്നിപാതിരാത്രി കഴിയുമ്പോൾ
ഇക്കൊല്ലം മാറിമറഞ്ഞിന്നു, പുതുകൊല്ലംവന്നുചേരുന്ന
വേളയിൽ, വന്നുദിക്കട്ടെ പൊന്നിൻതിളക്കം.

-നന്ദന ബൈജു

# പൂന്തോപ്പിൽ കണ്ട കാഴ്ചകൾ

തോട്ടത്തിൽ എത്രയെത്ര പൂക്കൾ! സുന്ദരങ്ങളായവ തന്നെ. ചെമ്പനും കൂട്ടുകാരിക്കും സന്തോഷമായി. പൂക്കളിൽ കയറിയിറങ്ങി അതിലെ തേനുണ്ണാൻ മോഹം തോന്നി. പക്ഷേ കയറിയിറങ്ങിയാൽപ്പിന്നെ തങ്ങളുടെ പരിപാടി നടക്കില്ലല്ലോ എന്നു വിചാരിച്ച് അവർ അടങ്ങി.പൂക്കൾക്കു ചുറ്റും ചുറുചുറുക്കോടെ പറന്നു നടക്കുന്നു തേനീച്ചകൾ. അവർക്ക് മാറ്റൊരു കാര്യത്തിലും താൽപര്യമില്ല. തിരക്കോടു തിരക്ക്. കഴിയുന്നത്ര തേനും പൂമ്പൊടിയും ശേഖരിക്കണം. അത് കൂട്ടിലെത്തിക്കണം. കൂട്ടിലെ കുട്ടി ഈച്ചകൾക്കും രാജ്ഞികൾക്കും മടിയന്മാർക്കും ആഹാരത്തിനുള്ള വക കരുതിവയ്ക്കുകയും വേണം.

വേറൊരു കൂട്ടർ പൂക്കൾക്കു ചുറ്റും പാറിപ്പറന്നു നടക്കുന്നു. അവർ ഉടുത്തൊരുങ്ങി ഉത്സവത്തിനു പുറപ്പെട്ടിരിക്കുകയാണെന്നു തോന്നും കണ്ടാൽ. വലിപ്പത്തിൽ തേനീച്ചയുടെ ആറിരട്ടിയുണ്ടവർ.പറക്കുന്നതോ നല്ല താളത്തിൽ. നൃത്തം ചെയ്യുകയാണോ എന്നു തോന്നും. ആടിക്കുഴഞ്ഞ് പാറിപറക്കുന്ന അവരുടെ ചിറകുകൾക്ക് എത്ര നിറങ്ങൾ! ആകെ നിറങ്ങളുടെ ഒരു മായാലോകം! പൂക്കളെ വേദനിപ്പിക്കാതെ അവയിൽ പറന്നിരിക്കുന്ന ഈ കൂട്ടർ. എന്നിട്ടോ ഒരു നിമിഷം നിശ്ചലരായിരുന്നു പ്രാർത്തിക്കുന്നു; അതോ, പൂക്കളോട് സ്യകാര്യം പറയുന്നുവോ? പതുക്കെ തന്റെ തുമ്പിക്കൈയുടെ ചുരുളഴിക്കുന്നു.സാവദാനം പൂവിനുള്ളിലേക്ക് കടത്തുന്നു. അവർക്കുവേണ്ടിമാത്രം പൂവിന്റെ ഉള്ളിന്റെ ഉള്ളിൽ മധു ശേഖരിച്ചിരിക്കുന്നു.മധുവുണ്ട്. തൃപ്തിയായി.പൂവിനു തൃപ്തിയായി.അത്ര പെട്ടെന്ന് പറന്നു പോകാൻ ഭാവമില്ല.നന്ദിസൂചകമായ ഒരു മുത്തം കൂടി നൽകിയ ശേഷം പൂവിനെ വേദനിപ്പിക്കാതെ പറന്നുപോയി പൂമ്പാറ്റ.

ചെമ്പന് പൂമ്പാറ്റയോട് ബഹുമാനം തോന്നി.സുന്ദരനായ അവൻ തന്റെ അന്തസ്സിനു ചേർന്നവിതം പൂക്കളോടു പെരുമാറുന്നു. അന്തസ്സുള്ളവന് പൂക്കൾ പ്രത്യേകം കരുതി വയ്ക്കുന്നു തേൻ. രാജകീയ പ്രൗഢിയുള്ള ശലഭത്തിന്റെ പെരുമാറ്റമെവിടെ?കള്ളൻമാരെപ്പോലുള്ള തങ്ങളുടെ പണിയെവിടെ? ആഹാരം ആരുടെതായാലും മോഷ്ടിച്ചു ഭക്ഷിക്കുക, കുറെ ശേഖരിക്കുക;അതാണല്ലോ ഉറുമ്പുകളുടെ പണി.

# അമ്പിളി

തുമ്പപ്പൂവിലും തൂമയെഴും നിലാ-
വൻപിൽത്തൂവിക്കൊണ്ടാകാശവീഥിയിൽ
അമ്പിളി പൊങ്ങിനിൽക്കുന്നിതാ മര-
ക്കൊമ്പിൻമ്മേൽ നിന്നു കോലോളം ദൂരത്തിൽ.
വെള്ളമേഘശകലങ്ങളാം നുര-
തള്ളിച്ചുകൊണ്ടു ദേവകൾ വിണ്ണാകും
വെള്ളത്തിൽ വിളയാടിത്തുഴഞ്ഞുപോം
വെള്ളിയോടമിതെന്നു തോന്നീടുന്നു!
വിണ്മേൽനിന്നു മന്ദസ്മിതംതൂവുമെൻ
വെണ്മതിക്കുമ്പേ, നിന്നെയീയന്തിയിൽ
അമ്മതന്നങ്കമേറിയെൻ സോദര-
'നമ്മാവാ' യെന്നലിഞ്ഞു വിളിക്കുന്നു!
ദേഹശോഭപോലുള്ളത്തിൽക്കുറ്റമീ-
മോഹനാകൃതിക്കുണ്ടതെൻ പിന്നാലേ
സ്നേഹമോടും വിളിക്കും വഴി പോരു-
ന്നാഹാ! കൊച്ചുവെള്ളാട്ടിൻ കിടാവുപോൽ.
വട്ടം നന്നല്ലിതീവണ്ണമോടിയാൽ
മുട്ടുമേ ചെന്നക്കുന്നിന്മുകളിൽ നീ;
ഒട്ടുനില്ക്കങ്ങു, വന്നെന്നു നിന്മേനി
തൊട്ടിടാനും കൊതിയെനിക്കോമനേ.

എന്നു കൈപൊക്കിയോടിനാനന്മുഖൻ

കുന്നേറാനൊരു സാഹസി ബാലൻ,

ചെന്നു പിന്നിൽ ഗൃഹപാഠകാലാമാ-

യെന്നു ജ്യേഷ്ഠൻ തടഞ്ഞ ഞെട്ടും വരെ.

-കുമാരനാശാൻ

# കടലാമയുടെ കദനകഥ

ധാരാളം കടലാമകളെ ദിവസേന മനുഷ്യൻ പിടികൂടുന്നുണ്ട്.എന്തിനാണെന്നറിയേണ്ടേ? ഇവയുടെ ഇറച്ചി തിന്നതാണ്.പിന്നെ അവയുടെ തോട് അലങ്കാരവസ്തുവായി ഉപയോഗിക്കുകയും ചെയ്യാം.കൂറ്റൻ ആമകളെ കടലിൽ നിന്നും പിടിച്ച് തീവണ്ടിയിൽ കയറ്റി ഉൾനാട്ടുകളുലെക്ക് അയയ്ക്കുന്നു.

കൂറ്റൻ ആമകളെ കൊന്ന് മാംസം മുറിച്ചെടുക്കണം.അതിനായി ജീവനുള്ള ആമകളെ കോടാലികൊണ്ട് വെട്ടിക്കീറുന്നു.എതിർക്കാനോ ശബ്ദമുയർത്താനോ കഴിവില്ലാത്ത പാവം ആമകൾ ഈ ക്രൂരത നിശബ്ദം അനുഭവിക്കുന്നു.ഈ പ്രവൃത്തികൾ ചെയ്യുന്ന മനുഷ്യന് ദയ എന്തെന്ന് അറിയില്ല.തന്റെ വയർ നിറക്കാൻ വേണ്ടി ഏതു നികൃഷ്ടരീതിയും അവർ സ്വീകരിക്കുന്നു. ജീവികളെ കൊന്നു തിന്നുന്നത് തന്നെ കഷ്ടം.തങ്ങളെപ്പോലെ അവയ്ക്കും ജീവിക്കാൻ അവകാശമുണ്ടെന്ന കാര്യം മനുഷ്യൻ അംഗീകരിക്കുന്നില്ല.കൊല്ലുന്നത് ഇഞ്ചിഞ്ചായി വേദനിപ്പിച്ചു വേണോ.

കടലാമകളുടെ ഗതികേട് ഇതുകൊണ്ടും കഴിഞ്ഞില്ല.അവയുടെ നിലമിൽപ്പിനെ ബാധിക്കുന്ന മറ്റൊരു പ്രവൃത്തി ചെയ്യുന്നു മനുഷ്യൻ.അതെന്തെന്നറിയേണ്ടേ? നമ്മുടെ കടൽപ്പുറങ്ങളിൽ പോയി നോക്കു! അവിടെ ആളുകൾ മണ്ണുകഴിച്ച് എന്തോ തെരയുന്നത കാണാം.അവർ ആമമുട്ട തിരയുകയാണ്.കടല്മാകൾ മുട്ടയിടാനായി കരയിലെത്തും.കടലിലെ തണുത്ത വെള്ളത്തിൽ മുട്ട വിരിയാനുള്ള ചൂടുകിട്ടുകയില്ല.വെയിലിന്റെ ചൂടിനായി കരയിൽ എത്തും ആമകൾ.നനഞ്ഞ മണ്ണിൽ കുഴിയുണ്ടക്കി മുട്ടകളി അതിലിട്ട് മണ്ണുകോണ്ടു മൂടും.ആരും കാണില്ലെന്ന വിശ്വാസത്തിൽ കടലിലേക്കു തിരികെ പോകും.മുട്ടക്കോ,അതുവിരിഞ്ഞറങ്ങുന്ന കുഞ്ഞുങ്ങൾക്കോഎന്തുസംഭവിക്കുമെന്ന് ആമ അന്വഷിക്കുകയില്ല.ഈ മുട്ടകൾ അന്വേഷിച്ച് പല ജന്തുക്കളും എത്തുന്നു.അത് നഗരത്തിലെപ്രധാന ഹോട്ടലുകളിലെ പ്രിയപ്പെട്ട ആഹാരവസ്തുവാണ്.പെട്ടെന്നു പണമുണ്ടാക്കാൻ മനുഷ്യൻ നശീകരണത്തിനായി തുനിയുകയാണിവിടെ.

കടലാമകളെക്കാൾ തടിയൻമാർ കടലിൽ വേറെയുമുണ്ട്.അവരുടെ ഗതിയെന്താണ്? മനുഷ്യന്റെ പിടിയിൽ അവരും അമരുന്നുണ്ടാവും.വലിയ കൊമ്പൻ സ്രാവുകൾ, കടൽ പന്നികൾ, തിമിംഗലങ്ങൾ എന്നിങ്ങനെ പല കടൽ ജീവികളുണ്ട്.

-ഡോ.ഗോപാലകൃഷ്ണകാരണവർ

# പ്രഭാതഗീതം

അല്ലിന്റെയന്തിമയാമത്തെഘോഷിച്ചു,

കല്ലോലമാലിതൻ നന്ദ്രതൂര്യം;

രാത്രിതൻ പോക്കെത്രത്തോളമായെന്നതു

പാർത്തറിയുന്നതിന്നെന്നപോലെ

നൽച്ചെന്തലപ്പാവുള്ളത്തല പൊക്കിനീ-

ന്നുച്ചത്തിൽക്കൂകിനാർ കുക്കുടങ്ങൾ.

ചിക്കെന്നുണർന്നെഴുന്നേറ്റുഷസ്സെന്നവൾ

ശുക്രനാം കൈവിളക്കേന്തിയെത്തി;

നാനാവിഹംഗമനാദമാം കങ്കണ-

ക്വാണമോടംബരശാലയിങ്കൽ

ഇന്നലെ രാവുപയോഗിച്ച പൂക്കളാ-

കുന്ന താരങ്ങളടിച്ചുവാരി;

താവൽക്കസ്തൂരിച്ചാറാക്കിയ വാർതിങ്കൾ-

ത്തുവെള്ളിക്കിണ്ണവും ദൂരേ മാറ്റി,

# പക്ഷിക്കൂട്ടിൽ

പൂമ്പാറ്റയെ കണ്ടു സന്തോഷിച്ച് നിന്ന കുട്ടികൾ പിന്നീട് നീങ്ങിയത് പക്ഷിക്കൂട്ടിനടുത്തേക്ക് ആയിരുന്നു. വിശാലമായ പക്ഷിക്കൂടുകൾ! എത്ര തരം പക്ഷികൾ! മഞ്ഞക്കിളികളെ കണ്ടാൽ മധുരം തിന്നാമെന്ന പ്രമാണമായിരുന്നു ഇതിനു കാരണം. മയിലിനും കുയിലിനും മാടപ്രാവിനും മഞ്ഞക്കിളിക്കും;അവിടെ എന്തോ ഒരു സന്തോഷമില്ലായ്മ.എല്ലാവരും മൗനമായി കൂടിന്റെ മൂലയിൽ കഴിയുന്നു. ഉല്ലാസത്തോടെ പാട്ടുപാടേണ്ട കുയിൽ,തിമിർത്തു പറക്കേണ്ട മഞ്ഞക്കിളി, പീലിവിടർത്തി ആടേണ്ട മയിൽ, എല്ലാവർക്കും മൗനം. ഒരു പക്ഷേ പ്രകൃതിയുടെ മടിത്തട്ടിൽ സ്വതന്ത്രരായി കഴിയേണ്ട വരെ പിടിച്ചുകെട്ടി കൂട്ടിലടച്ചതാവാം കാരണം.അവർക്കു വേണ്ടത്ര ആഹാരം കോടുക്കുന്നുണ്ടാവും ശത്രുവിൽ നിന്ന് രക്ഷയും നേടാം.പക്ഷെ സ്വാതന്ത്ര്യം മാത്രമില്ല.സ്വതന്ത്ര്യമില്ലാതെ ജീവിതത്തിനെന്തു മെച്ചം.സ്വർണ്ണക്കൂടായാലും ബന്ധനം ബന്ധനം തന്നെയാണല്ലോ! ആകാശത്തിന്റെ ആധിപരായ പക്ഷികളെ എത്ര കൂടുകളിൽ അടച്ചിരിക്കുന്നു.പറക്കന കഴിയാത്തവയുമുണ്ട് ഈ കൂട്ടത്തിൽ.ഒട്ടകപക്ഷി, എമു എന്നിവയുടെ കൂടിനടുത്തെത്തിയപ്പോൾ ചെമ്പന് വാസ്തവത്തിൽ പറക്കാത്ത പക്ഷികളുടെ ഗതികേട് മനസ്സിലായി.അനയുടെ വലുപ്പം! ഇത്രയും വലിയ പക്ഷികൾ പറക്കാൻ തുടങ്ങിയാൽ ആകെ കുഴപ്പമാകും.അവന്റെ ചിറകടിയിൽ ചെറുജീവികൾ പറന്നു പോകും.പറക്കാൻ അസൂയതോന്നി.അവൻഒരു മണിക്കൂർ ഓടുന്ന ദൂരം ഓടാൻ ഒട്ടകപക്ഷിക്ക് ഒരു മിനിറ്റു പോലും വേണ്ടാ. ഞാനെത്ര നിസാരനാണെന്ന് തോന്നി ചെമ്പന്.

–ഡോ.ഗോപാലകൃഷ്ണൻ

# പ്രതീക്ഷകൾ

വലിയൊരു ഭാണ്ഡം മുറുക്കണം
ഓർമ്മകളുടെ വഴിയരുകിൽ നിന്ന്
കുറച്ച് സ്വപ്നങ്ങളതിൽ പെറുക്കിയിടണം
പലപ്പോഴായി മനസ്സിൽ നിന്നൂർന്നു പോയതാണവ
പ്രതീക്ഷകളുടെ കെട്ടിന്റെ വലിപ്പം ഏറി വരികയാണ്
അകലെ നേർത്ത വെളിച്ചത്തിൽ
ഒരു മിഴിത്തിളക്കം കണ്ടതു പോലെ
കുട്ടിക്കെട്ടലുകളുടെ ഭാണ്ഡം ഒന്നൂടെ ചേർത്തു പിടിച്ചു
ഇല്ല ,എല്ലാം വെറുതെയാണ്
ചിതലെടുത്ത ഓർമ്മകളുടെ ജല്പനങ്ങളാണെല്ലാം
ഇനി വേലിയിറക്കത്തിന്റെ സമയമാണ്
സങ്കടങ്ങളുടെ അരികു പറ്റി ചെറിയൊരു തിരയടിച്ചപോലെ
ഒരിക്കൽ വാചാലമായിരുന്ന മൗനങ്ങളിൽ നിന്ന്
പെയ്തൊഴിഞ്ഞ മഴയോടൊപ്പം
കടലാസു തോണിയേറിയാ തിരയിലലിയുന്നു
വേലിയേറ്റങ്ങളുടെ ചില്ലു ജാലകത്തിനിപ്പുറം
ഒരിക്കൽക്കൂടി വെറുതെ ഒന്ന് നിൽക്കണം

-രാജേഷ് പി എ

# ഒരു ജന്മദിനത്തിന്റെ ഓർമ്മക്ക്

അന്നായിരുന്നു കാലത്തിന്റെ തിരശ്ശീലയിൽ
പുതിയൊരക്ഷരം എഴുതി ചേർക്കപ്പെട്ടത്
"നല്ലത്" എന്ന് കണ്ടതിനാൽ
ഈശ്വരനതിനടിയിൽ കൈയ്യൊപ്പും ചാർത്തി
നീർമിഴി പോലുള്ള അക്ഷരം
ഒരിറ്റു മഞ്ഞുതുള്ളിയിൽ നിറയുന്ന അക്ഷരം
മണിവീണ തന്ത്രിപോൽ നേർത്ത വിരലുള്ള അക്ഷരം
പുഞ്ചിരിയിലാഴിയുമാകാശവും നിറക്കുന്ന അക്ഷരം
പൂന്തേൻ മധുരം കിനിയും ചുണ്ടിണയുള്ളൊരു അക്ഷരം
നേർത്ത മുത്തം കൊതിക്കുന്ന നെറ്റിത്തടമുള്ള അക്ഷരം
സായന്തനത്തിൻ ചോപ്പു നിറഞ്ഞൊരാ
തക്കാളിക്കവിളുള്ളൊരാ അക്ഷരം
നിലാവൊളി ളുകുമീ രാത്രി തൻ നിഴലുപോൽ
നനുത്ത പുരികക്കൊടിയുള്ള അക്ഷരം
ആരും വാരിയെടുത്തൊന്നാ നെഞ്ചിൽ ചേർക്കും
ചന്തം തികഞ്ഞതാമക്ഷരം
പുതിയതാമൊരദ്ധ്യായം കുത്തികുറിക്കാനായി
ഈശ്വരനെടുത്തതുമിതേയക്ഷരം
ആരും കൊതിച്ചൊരാ അക്ഷരമിന്നൊരു
കവിതയായയെന്നുള്ളിൽ കുടിയിരിപ്പു
കനവായെന്നിലെ നിറമുള്ള നിഴലായി ചേർന്നിരിപ്പു

-രാജേഷ് പി എ

# എവിടെ പോയി എന്റെ കേരളം

എവിടെ പോയി എവിടെ പോയി
കേരളത്തിന്റെ ഭംഗി എവിടെ പോയി
മലയാളി എവിടെ പോയി
ബംഗാളികളെകൊണ്ട് നിറയുന്ന കേരളത്തിൽ
സ്നേഹവും ത്യാഗവുമെവിടെ  പോയി
എവിടെ പോയി എവിടെ പോയി

പുഴകളും മലകളും കാടുകളും
ആർത്തി മൂക്കാത്ത മനുഷ്യന്റെ ചിന്തകൾ
എവിടെ പോയി എവിടെ പോയി
മാലിന്യം കൊണ്ട് നിറയാത്ത പുഴകൾ
എവിടെ പോയി എവിടെ പോയി
ഇന്നെന്റെ കേരളഭംഗിയിതെവിടെപ്പോയി

കൈതയും തെറ്റിയും കേരവും
കൈകോർത്ത മലയാളനാടിതെവിടെപ്പോയി
ആർത്തി പൂണ്ടൊരി മാനുഷചിന്തകൾ
എല്ലാം ഉത്തെറിഞ്ഞെന്നോ
വളരുന്നു കേരളം കേരളം വളരുന്നു
പിടയുന്നു ഭൂമി പിടയുന്നു
എന്തൊരു നാട് ഇതെന്തൊരു നാട്
കേരളം എന്തൊരു നാട്

-അലക്സ് ജോസഫ്

# നന്ദി